**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 431** **08-06-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ 2021 വരെയുള്ള കാലയളവിൽ വൈദ്യുതി വകുപ്പ് ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ? | (എ) | 2016 മുതൽ 2021 വരെ ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. നോർമൽ പദ്ധതിയിൽ ഉൾപ്പെടുത്തി 7.11 കോടി രൂപയുടെയും, ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 4.22 കോടി രൂപയുടെയും വികസന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. 2016-17 ൽ ആലത്തൂർ നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി 1,23,77,646 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ എം എൽ എ ഫണ്ടിൽ നിന്നും 25,01,184 രൂപയും കെ.എസ്.ഇ.ബി യുടെ തനതു ഫണ്ടിൽ നിന്നും 4,11,837 രൂപയും ഡി.ഡി.യു.ജി.ജെ.വൈ പദ്ധതിയിൽ നിന്നും 68,36,774 രൂപയും എസ്.സി എസ്.ടി ഡിപ്പാർട്ട്മെന്റിൽ നിന്നും 5,75,318 രൂപയും തദ്ദേശസ്വയംഭരണസ്ഥാപ നങ്ങളുടെ ഫണ്ടിൽനിന്നും 18,65,563 രൂപയും ഉപഭോക്താക്കളുടെ പക്കൽ നിന്നും 1,86,970 രൂപയും സമ്പൂർണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് ചെലവാക്കി 762 സർവ്വീസ് കണക്ഷനുകൾ നൽകിയിട്ടുണ്ട്. ബഹു. എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും മേലാർകോട് പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നിലവിലുണ്ടായിരുന്ന ഡബിൾ ട്യൂബ് ഫ്ലൂറസന്റ് തെരുവു വിളക്കുകൾ മാറ്റി ഊർജ്ജക്ഷമമായ എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിലേക്കായി 20 ലക്ഷം രൂപ ചിലവഴിച്ചു. ഇതുകൂടാതെ നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ 1512 എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ